(ബി) തൃശ്ശൂർ താലൂക്കിൽനിന്നും, രൂപ 2,80,313, മുകുന്ദപുരം താലൂക്കിൽനിന്നും രൂപ 1,82,264, അണ 9, പൈ 3.

തൃശ്ശൂർ താലൂക്കിലെ കഷ്ടകരിൽനിന്നും മൂന്നു നിവേദനങ്ങളും മുകുന്ദപുരം താലൂക്കിലെ കഷ്ടകരിൽനിന്നും നാലു നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്.

സംസ്കൃത പഠനത്തിനുള്ള ആനുകൂല്യങ്ങൾ.

*163. [49] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത പഠനത്തിന്റെ പ്രോത്സാഹനത്തിനു് പ്രത്യേക ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) സംസ്കൃത പഠനം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി സംസ്കൃതസ്കൂളുകൾക്കു് ചില സ്കോളർഷിപ്പുകൾ സർക്കാരിൽനിന്നും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. അതിനെത്തുടർന്നു് വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

സപ്ലീസു സംയോജനംസംബന്ധിച്ച അപ്പീലുകൾ.

*164. [50] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സപ്ലീസു സംയോജനം സംബന്ധിച്ചു് ഇപ്പോൾ എത്ര അപ്പീലുകൾ ബാക്കിയുണ്ടു് ;

(ബി) മുൻഗവണ്മെന്റിന്റെ സംയോജനതത്വമാണോ ഈ ഗവണ്മെന്റും അനുകരിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 889.

(ബി) അതെ.

റബ്ബർ കൃഷി.

*165. [54] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്രയേക്കർ റബ്ബർകൃഷി ചെയ്തിട്ടുണ്ടു്;

(ബി) റബ്ബർ കൃഷിക്കാർക്കു് നല്ലയിനം വിത്തുകളും തൈകളും വിതരണം നടത്തുവാൻ ഗവണ്മെന്റു് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നല്ലയിനം വിത്തുകൾ ശേഖരിച്ച് ഒരു മാതൃകാതോട്ടം ഉണ്ടാക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1,37,566 ഏക്കർ സ്ഥലത്ത് റബ്ബർകൃഷി ചെയ്തിട്ടുണ്ട്.

(ബി) ഗവണ്മെൻറ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ റബ്ബർബോർഡ് നല്ലയിനം വിത്തുകളും തൈകളും കൺസെഷൻ റേറ്റിൽ വിൽക്കുന്നുണ്ട്.

(സി) മാതൃകാതോട്ടം ഉണ്ടാക്കുവാൻ ഇപ്പോൾ ആലോചനയില്ല. റബ്ബർബോർഡ് ഒരു ഗവേഷണകേന്ദ്രം ഉണ്ടാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു.

ഓവർലോഡ്.

* 166. [55] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റഡാൻസ്റ്റോട്ട് ബസ്സുകളിലെ ഓവർലോഡ് അവസാനിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രമിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഗവണ്മെൻറ് പദ്ധതി എന്താണ് ;

(സി) എത്ര ബസ്സുകൾകൂടിയുണ്ടെങ്കിൽ ഇന്നുള്ള ഓവർലോഡ് അവസാനിപ്പിക്കുവാൻ കഴിയുമെന്നാണ് ഗവണ്മെൻറ് കണക്കാക്കുന്നത് ;

(ഡി) ഷട്ടിൽ സർവ്വീസുകളിൽ ഇന്ന് എത്ര ശതമാനം ഓവർലോഡ് ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) കൂടുതൽ ബസ്സുകൾ ഇറക്കുക.

(സി) ഉദ്ദേശം 100 (നൂറ്) ബസ്സുകൾ.

(ഡി) 25 ശതമാനം.

മിനിമംവേജസ്.

* 167. [56] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിക്കാൻ ഒരു അന്വേഷണക്കമ്മീഷനെ നിയോഗിച്ചിട്ട് ഇപ്പോൾ എത്ര കാലമായി ;

(ബി) ആ കമ്മീഷനെയുടെ പ്രവർത്തനം എത്രയായി ;

(സി) കർഷകത്തൊഴിലാളികളുടെ കൂലിവെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മിനിമംവേജസ് നിശ്ചയിച്ചുകൊണ്ടുള്ള പ്രഖ്യാപനത്തിന്റെ അടിയന്തിരപ്രാധാന്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly